**15 -ാം കേരള നിയമസഭ**

**11 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2588** **24-06-2024 - ൽ മറുപടിയ്ക്ക്**

**സ്വകാര്യ ഭൂമിയിൽ മണ്ണ് നിക്ഷേപിക്കുന്നതിനും നീക്കം ചെയ്യുന്നതിനും വിലക്ക്**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. മാണി. സി. കാപ്പൻ | | ശ്രീ. പി. രാജീവ്<br>(നിയമം, വ്യവസായം, കയർ വകുപ്പ് മന്ത്രി) | |
| (എ) | മൈനിംഗ് ആന്റ് ജിയോളജി വകുപ്പ് സ്വകാര്യ ഭൂമിയിൽ മണ്ണ് നിക്ഷേപിക്കുന്നതിനോ നീക്കം ചെയ്യുന്നതിനോ നിലവിൽ വിലക്ക് ഏർപ്പെടുത്തിയിട്ടുണ്ടോ; വിശദമാക്കാമോ; | (എ) | സ്വകാര്യ ഭൂമിയിൽ മണ്ണ് നിക്ഷേപിക്കുന്നതിനോ, നീക്കം ചെയ്യുന്നതിനോ നിലവിൽ മൈനിംഗ് ആൻഡ് ജിയോളജി വകപ്പ് വിലക്ക് ഏർപ്പെടുത്തിയിട്ടില്ല. എന്നാൽ നീർത്തടങ്ങൾ, നിലങ്ങൾ, കൺസർവേഷൻ ഓഫ് പാഡി & വെറ്റ് ലാൻഡ് ആക്ട് 2008 നിയമപ്രകാരം വിലക്ക് ഏർപ്പെടുത്തിയിട്ടുള്ള സ്ഥലങ്ങൾ എന്നിവിടങ്ങളിൽ മണ്ണ് നിക്ഷേപിക്കാൻ പാടില്ല എന്ന് അനുമതി ഉത്തരവിൽ നിഷ്കർഷിക്കാറുണ്ട് |
| (ബി) | സ്വകാര്യ ഭൂമിയിൽ മണ്ണ് നിക്ഷേപിക്കുന്നതിനോ, എടുത്തുമാറ്റുന്നതിനോ നൽകുന്ന അപേക്ഷകർക്ക് കാലതാമസം നേരിടുന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ പ്രസ്തുത അപേക്ഷകൾ സമയബന്ധിതമായി പൂർത്തീകരിക്കുവാൻ നടപടി സ്വീകരിക്കുമോ; വിശദമാക്കാമോ; | (ബി) | ശ്രദ്ധയിൽപ്പെട്ടിട്ടില്ല. അപാകതകൾ ഇല്ലാതെ കൃത്യമായ രേഖകൾ സഹിതം മൈനിംഗ് & ജിയോളജി വകപ്പിൽ ലഭിക്കുന്ന അപേക്ഷകളിൽ കാലതാമസം കൂടാതെ ആവശ്യമായ സേവനം നൽകിവരുന്നു. |
| (സി) | പ്രസ്തുത അപേക്ഷകൾ സീനിയോരിറ്റി പ്രകാരമാണോ പരിഗണിക്കുന്നത്; ഇല്ലെങ്കിൽ അപേക്ഷകൾ സീനിയോരിറ്റി പ്രകാരം പരിഗണിക്കുവാൻ നടപടി സ്വീകരിക്കുമോ; വിശദമാക്കാമോ? | (സി) | ആവശ്യമായ എല്ലാ രേഖകളും സഹിതം സമർപ്പിക്കുന്ന അപേക്ഷകളിൽ സീനിയോരിറ്റി പാലിച്ച് നടപടി സ്വീകരിച്ച് വരുന്നു. |

സെക്ഷൻ ഓഫീസർ